# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 10/05/ 2018

## സോഷ്യൽ മീഡിയയിലൂടെ പോലീസിന്റെ പേരിൽ വ്യാജ സന്ദേശം – കേസ് രജിസ്റ്റർ ചെയ്തു.

റംസാൻ കാലയളവിൽ സംസ്ഥാനത്ത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും യാചകവേഷത്തിൽ ക്രിമിനൽ സംഘങ്ങൾ എത്തുമെന്നും ജാഗ്രത പാലിക്കണമെന്നും നിർദ്ദേശിക്കുന്ന വ്യാജ വാർത്ത കൊല്ലം ഈസ്റ്റ് പോലീസിന്റെ പേരിൽ, സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു നിർദ്ദേശങ്ങളും കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്നോ മറ്റോ നൽകിയിട്ടില്ലാത്തതാണെന്ന് പോലീസ് അറിയിച്ചു. വ്യാജമായി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ പ്രചരിക്കുന്ന സന്ദേശത്തിനെതിരെ കൊല്ലം ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പോലീസിന്റെ പേരിൽ പ്രചരിക്കുന്ന ഇത്തരം സന്ദേശങ്ങളെ അതീവഗൗവത്തോടെയാണ് കാണുന്നതെന്നും ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ. ശ്രീനിവാസ് എ. ഐപിഎസ് അറിയിച്ചു.



കേരള പോലീസ്
KERALA POLICE

കേരള പൊലീസ് അറിയിപ്പ്

പ്രത്യേകം ജാഗ്രത പാലിക്കുക.

ഈ റമദാൻ മാസത്തിൽ നിരവധി യാചകർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് ഒഴുകി വരുന്നുണ്ട്. ഇവർ കൊടും ക്രിമിനലുകളാണ്. ഒരു നയാ പൈസയും ഇവർക്ക് കൊടുക്കരുത്. സ്ത്രീകൾ മാത്രം ഉള്ള വീട്ടിൽ ഇവർ വന്നാൽ വാതിൽ തുറക്കാതെ അവരെ പറഞ്ഞു വിടുക.

പൊലീസ് കണക്ക് പ്രകാരം ഈ കഴിഞ്ഞ ഒരാഴ്ച്ചക്കിടയിൽ കോഴിക്കോട്, കണ്ണൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം റെയിൽവേ സ്റ്റേഷനുകളിൽ വന്നിറങ്ങിയ അന്യ സംസ്ഥാനക്കാർ ഒരു ലക്ഷത്തോളം ഉണ്ടെന്നാണ് കണക്കുകൾ.

ഇവരുടെ ഒഴുക്ക് കൂടാനുള്ള കാരണം പൊലീസ് അന്വേഷിച്ചപ്പോൾ കണ്ടെത്തിയത്, റമദാൻ മാസത്തിൽ യാചിക്കാനും റമദാനിൽ നോമ്പെടുത്തു അവശരായവരെ കീഴ്പെടുത്തി കവർച്ച നടത്താനുമാണെന്നാണ്.

യാചകരെ അകറ്റുക! വീടും പരിസരവും സുരക്ഷിതമാക്കുക!!

OFFICE OF THE CIRCLE INSPECTOR OF POLICE ★ KOLLAM EAST ★
Date 16/5/18

CIRCLE INSPECTOR OF POLICE
KOLLAM EAST
(Issuing Authority)